# പോലീസ് കേരളം വകുപ്പ്

**No. G2(b)-93479/2017/P**

ജില്ലാ പോലീസ് ഓഫീസ്,

പാലക്കാട്

spplkd.pol@kerala.gov.in

04912536700

തീയതി. 08-03-2018

**പുനർലേല പരസ്യം**

| | |
|---|---|
| ലേല മരങ്ങൾ നിൽക്കുന്ന സ്ഥാപനം | ജില്ലാ പോലീസ് ഓഫീസ്, പാലക്കാട് |
| ലേല സ്ഥലം | ജില്ലാ പോലീസ് ഓഫീസ് കോമ്പൌണ്ട് |
| നിരത ദ്രവ്യം | 1,500/- രൂപ |
| ലേല തീയതി | 14/03/18 രാവിലെ 11 മണി |
| മരങ്ങളുടെ ഇന വിവരം | മഴമരം – 2 |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി | 12/03/2018, 3 മണി |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്തു ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിരത ദ്രവ്യം അടച്ച് രശീതി വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്കു തങ്ങൾ അടച്ച നിരത ദ്രവ്യം തിരിച്ചുകൊടുക്കുന്നതാണ്. സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ **'ജില്ലാ പോലീസ് മേധാവി, പാലക്കാട്' എന്ന മേൽവിലാസത്തിൽ 10/03/2018 ന 3 മണിക്ക് മുൻപ്** കിട്ടത്തക്കവണ്ണം അയക്കേണ്ടതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ലാ പോലീസ് മേധാവിയുടെ യുടെ പേരിൽ വാങ്ങിയിട്ടുള്ള നിശ്ചിത നിരത ദ്രവ്യത്തിനുള്ള ഡി.ഡി അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനു മുകളിൽ **'ജില്ലാ പോലീസ് ഓഫീസ് കോമ്പൌണ്ട് പരിസരത്തുള്ള മരം ലേലത്തിനുള്ള ടെൻഡർ'** എന്ന് രേഖപ്പെടുത്തിയിരിക്കണം. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേലസ്ഥലത്ത് കൃത്യസമയത്തു ഹാജരാകേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലം/ദർഘാസു ഏതിലാണ് കൂടുതൽ തുക കാണുന്നത് അയാൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ദർഘാസു തുകയുടെ പകുതി/മുഴുവൻ തുക (നിരത ദ്രവ്യം കഴിച്ച്) ലേലം കൊണ്ടയാൾ ലേലസ്ഥലത്ത് വെച്ച് തന്നെ അടച്ച് രശീതി വാങ്ങേണ്ടതാണ്. **ലേല തുകക്ക് പുറമെ മരത്തിന് 18% GSTയും 5% FDT യും, വിറകിന് 5% FDT യും നൽകേണ്ടതാണ്.** ലേലം/ദർഘാസു സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടിയാലുടൻ ബാക്കി തുകയും

നിയമാനുസൃതമുള്ള വിൽപ്പന നികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസു സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിന് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും, കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

മേൽ സൂചിപ്പിച്ച മരങ്ങൾ പരിശോധിക്കണമെങ്കിൽ പ്രവൃത്തി ദിവസങ്ങളിൽ 11 മുതൽ 4 മണി വരെ ബന്ധപ്പെട്ട ഓഫ്ഫീസർമാരുടെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുൻ അറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയതി മാറ്റി വയ്ക്കുന്നതിനോ ലേലം/ദർഘാസു അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം പാലക്കാട് ജില്ലാ പോലീസ് മേധാവിയ്ക്കു ഉണ്ടായിരിക്കുന്നതുമാണ്.

പ്രതീഷ് കുമാർ ഐ പി എസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1. എല്ലാ പോലീസ് കമ്മീഷണർമാർക്കും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ബറ്റാലിയൻ കമാണ്ടന്റുമാർക്കും – പ്രചാരണത്തിനായി 2. ഇൻഫർമേഷൻ ഓഫ്ഫിസർ, ഇൻഫർമേഷൻ ഓഫീസ്, പാലക്കാട് – പത്ര പരസ്യത്തിനായി 3. ജില്ലയിലെ എല്ലാ പോലീസ് ഓഫ്ഫീസർമാർക്കും- പ്രചാരണത്തിനായി 4. കാഷ്യർക്ക്-നിരത ദ്രവ്യം സ്വീകരിക്കുന്നതിന് 5. സ്റ്റോക്ക് ഫയൽ